ഗവൺമെന്റ് ആയുർവേദ നഴ്സുമാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി

167 (3357) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആയുർവേദ നേഴ്സുമാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു ലഭിച്ചുവെന്നും ഇതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിക്കുമോ ;

(സി) ഇവരുടെ ജോലി സമയം എട്ടു മണിക്കൂർ ആക്കി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇവർക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡിപ്പാർട്ട്മെന്റൽ തസ്തികകൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-5-1998-ൽ നിവേദനം ലഭിച്ചിട്ടുണ്ട്. യോഗ്യതയും ജോലി, സ്വഭാവവും പരിശോധിച്ചാണ് ശമ്പള പരിഷ്ക്കരണം കമ്മിറ്റി വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്നതിനാൽ ഇവരുടെ ആവശ്യത്തിൻമേൽ ഫലപ്രദമായ നടപടി പ്രായോഗികമല്ല.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി & ഇ) രോഗികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള തസ്തികകൾ പൂർണ്ണമായി അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ലബ്ധിക്കനുസരണമായേ കൂടുതൽ തസ്തികകൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ.

വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യ

168 (3358) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യകരമല്ലാത്ത ധാരാളം ഭ്രൂണഹത്യ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭ്രൂണഹത്യകളിൽ ഭൂരിപക്ഷവും രേഖപ്പെടുത്താതെ ചെയ്യപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയം സ്കാനിംഗിലൂടെ നടത്തി പെൺ ഭ്രൂണങ്ങളെ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നശിപ്പിക്കപ്പെട്ട ഭ്രൂണങ്ങളെ കച്ചവടച്ചരക്കാക്കുന്നതും ഭ്രൂണങ്ങളുപയോഗിച്ച് ലൈംഗികോത്തേജക ഔഷധങ്ങളും സൗന്ദര്യ സംവർദ്ധക വസ്തുക്കളും നിർമ്മിക്കുന്നതായും സർക്കാരിനറിവുണ്ടോ ;

(ഇ) നശിപ്പിക്കപ്പെട്ട ഭ്രൂണങ്ങളെ ഉപയോഗിച്ചു സൗന്ദര്യ സംവർദ്ധക ലേപനങ്ങളുണ്ടാക്കുന്നതായി ദൂരദർശൻ പ്രത്യേക പരിപാടിയിലൂടെ സംപ്രേക്ഷണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഇല്ല.

(ഡി & ഇ) മാദ്ധ്യമങ്ങളിൽ ഇത്തരം ചില വാർത്തകൾ ഉണ്ടായിരുന്നു. എന്നാൽ വസ്തുനിഷ്ഠമായ വിവരങ്ങളൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല.

പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വകയായി നല്കിയ എക്സ്റേ പ്ലാന്റ്

169 (3359) ശ്രീ. പി.എസ്. സുപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വകയായി ഒരു എക്സറേ പ്ലാന്റ് ലഭിച്ചിട്ട് എത്ര കാലമായി ;

(ബി) ഈ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമാണോ ; എങ്കിൽ ഇത് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 1997 ഏപ്രിൽ മാസം ഈ ഉപകരണം സപ്ലൈ ചെയ്തെങ്കിലും ഇത് സ്പെസിഫിക്കേഷൻ അനുസരിച്ച് അല്ലാതിരുന്നതിനാൽ ഔപചാരികമായി ഉപകരണം ഏറ്റുവാങ്ങിയിട്ടില്ല. ഉപകരണം ഏറ്റുവാങ്ങിയശേഷമേ പ്രവർത്തന ക്ഷമമാക്കുവാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

170 (3360) ശ്രീ. റ്റി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പുതുതായി അപ്ഗ്രേഡ് ചെയ്ത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly